പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4645 | 18/12/2014 – ൽ മറുപടിയ്ക്ക്

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. ഹംസ :** | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്; | (എ) | 28/11/2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5289/2011 പ്രകാരമാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് |
| (ബി) | പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം കാര്യങ്ങൾ ആണ് ലക്ഷ്യം വച്ചിരുന്നത്; | (ബി) | വിദ്യാഭ്യാസമേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഉന്ന മേന്മയുള്ളതും കാര്യക്ഷമവുമായ വിദ്യാഭ്യാസം ലഭ്യമാക്കുകയെന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; നിയോജക മണ്ഡലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ; | (സി) | പദ്ധതിയ്ക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എം.എൽ.എ.മാരുടെ വികസനഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ് സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നാളിതു വരെ എന്തെല്ലാം കാര്യങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വിശദമാക്കാമോ? | (ഡി) | ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയക്രോഡീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായി കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹു. എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/ പഞ്ചായത്ത്/സ്കൂൾതലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നു കൊണ്ടിരിക്കുന്നു. |

Sreedevi
സെക്ഷൻ ഓഫീസർ